# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1531 — 03.10.2016 ൽ - മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>,, സണ്ണി ജോസഫ്<br>,, എം. വിൻസെന്റ്<br>,, അനിൽ അക്കര : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭാഗമായിട്ടുള്ള കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിന് കേന്ദ്രം സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; | (എ) ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രം സമയപരിധി നിശ്ചയിച്ചിരുന്നു. കമ്പ്യൂട്ടർവൽക്കരണ . പദ്ധതിക്ക് പ്രത്യേകമായി സമയപരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) പ്രസ്തുത സമയപരിധിക്കുള്ളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയില്ലെങ്കിൽ സംസ്ഥാനത്തിന്റെ അധിക ഭക്ഷ്യ വിഹിതം വെട്ടിക്കുറയ്ക്കുമെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; | (ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ 10 (1) (ബി) പ്രകാരം മുൻഗണനാ പട്ടിക പ്രസിദ്ധീകരണം പൂർത്തിയാകുന്നതുവരെ സംസ്ഥാനത്തിന് നിലവിൽ ലഭ്യമാകുന്ന അളവിൽ ഭക്ഷ്യ ധാന്യങ്ങൾ ലഭിക്കുവാൻ അർഹതയുണ്ടെന്ന് നിയമം അനുശാസിക്കുന്നു. എന്നാൽ നിയമം നടപ്പാക്കാത്തതിനാൽ കേന്ദ്രം ഇക്കാര്യത്തിൽ നടപടികളാരംഭിച്ചിട്ടുണ്ട്. |
| (സി) കമ്പ്യൂട്ടർവൽക്കരണം പരാജയപ്പെടുത്തുവാൻ മൊത്ത വ്യാപാരികൾ ശ്രമിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

*സെക്ഷൻ ഓഫീസർ*